കഥകൾ കവിതകൾ


RNI No. KERMAL/ 2012/44946
പുസ്തകം 6 ലക്കം 11, 12

ISSN 2277-5714
വില ₹ 20

# സർഗ്ഗസുധ

മലയാളം മാസിക

2017 നവംബർ-ഡിസംബർ
തുലാം - വൃശ്ചികം - ധനു



കഥ

# അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്താണ്

## ശിവദാസൻ എ കെ

ഇരു നില വീട് നല്ല വെള്ള പെയിന്റടിച്ചതാണ്. കോലം വെച്ചപോലെ ഇരുവശത്തും രണ്ട് കൊന്നത്തെങ്ങുകൾ. തെങ്ങുകളിൽ നിന്ന് കാക്കച്ചിറകു കൊളുത്തിയിട്ട പോലെ വള്ളിയിൽ തൂങ്ങി ഉണക്കപ്പട്ടകൾ.

വീടിനപ്പുറത്ത് ഭാസ്കരൻ കോൺട്രാക്ടറുടെ തലയെടുപ്പുള്ള വീടാണ്. തൊട്ടപ്പുറത്ത് പാരാമൗണ്ട് എസ്റ്റേറ്റ് എന്ന് ബോർഡ് വെച്ച വെളിമ്പറമ്പ്. വീടിന് മുന്നിൽ ആറു മീറ്റർ പഞ്ചായത്ത് റോഡാണ്. ടാറിട്ടത്.

വീട്ടുകാരി വൃദ്ധയാണ്. അവർക്ക് സുമാർ അറുപത്തിയഞ്ചു വയസ്സു തോന്നിക്കും. വാർദ്ധക്യവുമായി അവരൊരു സംഘർഷത്തിലാണ് എന്നു തോന്നുന്നു. ഒരിക്കൽ തീർച്ചയായും തോൽക്കുമെന്നറിഞ്ഞിട്ടും. അതുകൊണ്ടാണ് അവരെന്നും അഞ്ചുമണിക്കെഴുന്നേറ്റ് കുളിച്ച് നടക്കാൻ പോകുന്നത്. പച്ചക്കറികടയിൽ നിന്നും ധാരാളം പച്ചക്കറി വാങ്ങുന്നത്. പ്രസന്ന വദനയായി നടക്കുന്നത്. എപ്പോഴും മൂളിപ്പാട്ടു പാടുന്നത്. കൈയിലും കഴുത്തിലും എല്ലാം സ്വർണ്ണാഭരണങ്ങളണിഞ്ഞിരിക്കുന്നത്.

അവർക്ക് ഭർത്താവുണ്ടോ, അറിയില്ല. മക്കളോ, അവരാരും തന്നെ ഇവിടെയില്ല. ആ വലിയ വീട്ടിൽ അവരൊറ്റക്കാണ്. എന്ന് മുഴുവനായി പറയാനാവില്ല. അവിടെയൊരു ജോലിക്കാരി കൂടെയുണ്ട്. മിക്കവാറും ദിവസങ്ങളിൽ അവരവിടെ രാത്രിയിലും കാണും.

ജോലിക്കാരി, സാധാരണ ജോലിക്കാരിയെപ്പോലെ തന്നെ ഇരു നിറം. മുഷിഞ്ഞ നൈറ്റി. കൈയിലും കഴുത്തിലും മുക്കുപണ്ടങ്ങൾ. പക്ഷേ, ഇവൾക്കല്പം മാദകത്വമുണ്ട്. മുഷിഞ്ഞ വസ്ത്രത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്നൊരു വടിവൊത്ത ശരീരം.

മുറ്റത്ത് തെങ്ങുമാത്രമല്ല. എങ്ങോ നോക്കിനിൽക്കുന്നൊരു ചാമ്പമരം. നിറയെ കായ്ച്ച് കൂനു പിടിച്ചുപോയ ഒരു കൊപ്പമരം, കാലം പൊള്ളിച്ച് ഉണക്കി കളഞ്ഞ ഒരു ജാതി, ഇത്രയുമുണ്ട്.

തെങ്ങിന്റെ മണ്ടയിൽ ഒരു അണ്ണാന്റെ കൂട്ടം, ചാമ്പമരത്തിൽ ഒരു കുരുവിയുടെ കൂട്ടുമുണ്ട്. വീടിന്റെ പിന്നാമ്പുറത്ത് തുരുമ്പ് പിടിച്ച ഒരു കുന്താലി കിടക്കുന്നു. എന്നോ കോഴികൾ ഇറങ്ങിപ്പോയ ഒരു കോഴിക്കൂടും. ഇത്രയും കൃത്യമായി ഇതൊക്കെ പറയാൻ ഞാൻ ആരെന്നല്ലേ.

ഞാനൊരു കള്ളനാണ്.

ഞാനെന്നല്ല. മോഷണത്തിനായി ഒരു വീട് തെരഞ്ഞെടുക്കുമ്പോൾ ഏതൊരു കള്ളനും ശ്രദ്ധിക്കുന്ന കാര്യങ്ങളേ ഞാനും പരിഗണിച്ചിട്ടുള്ളൂ. ശരിയായ കള്ളന്മാർ കൈയും വീശിയേ മോഷണത്തിന് പോകൂ. സൗകര്യങ്ങൾ അവിടെയുണ്ടാകും. തെങ്ങിനെപ്പറ്റി പറഞ്ഞത് അതിനാണ്. രണ്ടാം നിലയിലേക്ക് തെങ്ങിലൂടെ കയറാം. ആരുടെയെങ്കിലും തലയ്ക്കടിച്ചു വീഴ്ത്തണെങ്കിൽ കുന്താലി ഉപകരിക്കും.

പിന്നെ തെങ്ങിലെ അണ്ണാൻകൂട്ടം, കുരുവിക്കൂടുമെല്ലാം വെറുതെ പറഞ്ഞതല്ല. രാത്രിയിൽ അപരിചിതമായതെന്തെങ്കിലും കണ്ട് അവ ഒച്ചയുണ്ടാക്കുന്നത് നല്ലതല്ല. മറ്റൊന്ന് വേലക്കാരിയുടെ മാദകത്വം. സൂക്ഷിക്കണം. വയസ്സായവർക്ക് കൂട്ടു കിടക്കുന്ന യുവതികളായ വേലക്കാരികൾക്ക് ചിലപ്പോൾ രാത്രിഞ്ചരന്മാരായ രഹസ്യകാമുകന്മാരുണ്ടായേക്കാം. ഇതിൽ പലതും തോന്നലുകളാണ്. പക്ഷേ, ഒരു കള്ളന് ഇത്തരം തോന്നലുകൾ ഉണ്ടായേ പറ്റൂ.

ആരോടും വിശദീകരിക്കാനൊന്നും പോയിട്ടില്ല. ഇതെന്റെ നൂറാമത്തെ മോഷണമോ മറ്റോ ആകാം. എന്റെ പേരിൽ ഇതിലേറെ കേസുണ്ട്. കുറേ, പോലീസുകാരുടെ സംഭാവനയാണ്. എനിക്കതിൽ പരിഭവമില്ല. ഒരാളുടെ പേരിൽ അമ്പതു കേസായാലും നൂറു കേസായാലും ഫലത്തിൽ ഒന്നു തന്നെ.

മോഷണത്തിൽ എനിക്ക് കോംപ്രമൈസ് ഇല്ല. തലക്കടിക്കാനോ കാതു മുറിക്കാനോ മടിയുമില്ല. പക്ഷേ, ഒന്നുണ്ട്. ഒരേറ്റുമുട്ടലിനുള്ള സാധ്യത പരമാവധി ഇല്ലാതാക്കണം. അതുകൊണ്ടാണ് വയസ്സായവരെ ഉന്നം വെയ്ക്കുന്നത്. അവരിൽത്തന്നെ സ്ത്രീകൾ. എളുപ്പമാണ്. സത്യത്തിൽ ഒരൊച്ചവെയ്ക്കലിനുള്ള സാധ്യത പോലും വിരളം. ഇതാണ് പറയുന്നത് മോഷണം ഒരു വകതിരിവില്ലാത്ത കലയാണെന്ന്.

മുമ്പേ പറഞ്ഞതുപോലെ ആ വേലക്കാരി ഇന്നിവിടെയില്ല. അവളെല്ലാ ദിവസവും താമസമില്ലെന്ന് കഴിഞ്ഞ രണ്ടാഴ്ചയിലെ നിരീക്ഷണങ്ങളിലൂടെ മനസ്സിലായതാണ്. അങ്ങിനെയുള്ള ദിവസങ്ങളിൽ അവൾ പതിവുപോലെ ഒരു സഞ്ചിയുമായി പുറത്തേയ്ക്ക് പോകും. ഏതാണ്ട് ഒരേഴുമണി രാത്രിയിൽ. കുറച്ച് മുന്നോട്ട് പോയാൽ അവൾക്ക് മെയിൻറോഡിൽ നിന്ന് അപ്പോൾ ഒരു ബസ്സ് കിട്ടും. ആഴ്ചയിലൊരിക്കലോ മറ്റോ അവൾ സ്വന്തം വീട്ടിലേയ്ക്ക് പോകുന്നതായിരിക്കണം.

ഇന്ന് തെരഞ്ഞെടുത്തത് അവൾ മിക്കവാറും പോകും എന്ന് മനക്കണ്ണിൽ കണ്ടാണ്. അത് സത്യമായിരിക്കുന്നു. ഇപ്പോൾ ഈ വീട്ടിൽ ആ വൃദ്ധ മാത്രമാണ്. രണ്ടാം നിലയിലാണ് അവരുറങ്ങുന്നതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. തെങ്ങു

വഴിയാണ് കയറിയത്. കൂടെ കുന്താലി കൈയിലെടുത്തു. ആവശ്യം വന്നേക്കാം.

ഈ പാതി തുറന്ന ജനാലയിലൂടെ ഉള്ളിലേക്ക് നോക്കുന്ന്പോൾ കിടപ്പുമുറി കാണാം. അവരിവിടെ വന്നിട്ടില്ല. അവർ താഴത്തെ നിലയിലാണ്. കുളിക്കുകയോ ഭക്ഷണം കഴിക്കുകയോ ആവാം. എനിക്ക് തിരക്കില്ല. ഒരു രാത്രി മുഴുവനുമുണ്ട്. അപ്പുറത്ത് ഭാസ്കരൻ കോൺട്രാക്ടറുടെ വീട്ടിലെ വിളക്കുകൾക്ക് ഇനിയും ഉറങ്ങാറായിട്ടില്ല. ഇത് എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടി വരിക. അവരെ ആക്രമിക്കേണ്ടി വരുമോ, അതോ അവർ പേടിച്ച് അടങ്ങിയിരിക്കുമോ. ഒന്നുമറിയില്ല. കുന്താലി കൈയിൽ ഭദ്രമാണ്.

ഒരു കാറ്റ് വീശുന്നു. എവിടെയോ മഴയുണ്ട്. ഒരു മഴയ്ക്കായി കറുത്ത് മുകളിൽ ആകാശം ചുരുണ്ട് കൂടുന്നു.

നന്നായി. രാത്രി മഴക്കൊരു താരാട്ടിന്റെ സ്വഭാവമുണ്ട്.

ഒരു പക്ഷേ പ്രായമായവർക്ക് ഉറക്കക്കുറവുണ്ടായേക്കാം. അവരേയും രാത്രിമഴ ഉറക്കിക്കളയും. മഴ ശക്തമാണെങ്കിൽ പറയുകയോ വേണ്ട. ഓർക്കാപ്പുറത്തുള്ള നിലവിളിയോ ശബ്ദങ്ങളോ പുറത്തേക്ക് പോകില്ല. തുറന്നിട്ട ജനാലയിലൂടെ എനിക്കിപ്പോൾ അകത്തളം കാണാം. അവിടെയൊരു ഊഞ്ഞാൽ കട്ടിലുണ്ട്. വൃദ്ധ ഇനിയും വന്നിട്ടില്ല. എന്റെ കണ്ണുകൾക്ക് മുകളിലൂടെ ഒരു തണുത്ത കാറ്റ് മൂടിപുതച്ച് കടന്നുപോകുന്നു.

ഞാനൊരു പാട്ട് കേട്ടാണ് ഉണർന്നത്.

ഇതെന്തു പറ്റി. മയങ്ങിപ്പോയോ

തണുത്ത കാറ്റ് എന്നെയും ചതിച്ചെന്ന് തോന്നുന്നു.

ഞാൻ വാച്ചിലേക്ക് നോക്കി. പന്ത്രണ്ട് മണിയാകുന്നു.

തുറന്നിട്ട ജനലിലൂടെ എനിക്കിപ്പോൾ അകത്തളം കാണാം. അവിടെ ഊഞ്ഞാൽ കട്ടിലിൽ വൃദ്ധ ഇരിക്കുന്നു. നാശം ഇവർക്ക് ഉറക്കക്കുറവുണ്ടെന്നു തോന്നുന്നു. അല്ലെങ്കിൽ ഒറ്റയ്ക്ക് ആരെങ്കിലും ഈ രാത്രി ഉണർന്നിരിക്കുമോ

ഞാൻ കുന്താലിയിൽ പിടിച്ചു. ഇനി ഇതേ രക്ഷയുള്ളൂ. പിൻപുറത്തെ വാതിൽക്കലേക്ക് നോക്കി. അതിലൂടെ ഉള്ളിലേക്ക് കടക്കാനാണ് ഞാൻ തീരുമാനിച്ചിരുന്നത്. ഒന്നുകൂടി കാതോർത്തു നോക്കി. ശരിയാണ്. അവർ ഒരു പാട്ട് പാടുന്നുണ്ട്. അവർ എനിക്ക് അഭിമുഖമായാണ് ഇരിക്കുന്നത്.

ഊഞ്ഞാൽ കട്ടിൽ മെല്ലെ ആടുന്നു. എനിക്കു മുമ്പേ അകത്തു കടന്നൊരു കാറ്റ് അവരുടെ പാതി നരച്ച അളകനിരകളെ താലോലിക്കുന്നു. പാട്ട് വ്യക്തമാകുന്നില്ല. ഞാൻ മുട്ടുകുത്തി ഒന്നുകൂടി ഉയർന്നുനോക്കി.

അതേ, ഇപ്പോൾ വ്യക്തമായി കേൾക്കാം.

"അമ്പിളിയമ്മാവാ താമരക്കുമ്പിളിലെന്തൊണ്ട്" അവർ കണ്ണടച്ചു പിടിച്ചിരിക്കയാണ്ഒരർദ്ധമയക്കത്തിലെന്ന പോലെ.

ഞാനല്പം ശ്രദ്ധിച്ചു. നല്ല ഈണമുണ്ട്. ശരിക്കും കെ പി എ സി സുലോചന പാടുന്നതുപോലെ തന്നെ.

ഇപ്പോൾ കുറേക്കൂടി വ്യക്തമായി കേൾക്കാം.

" കമ്പിട്ടിരിപ്പാണോ മാനത്തെ കൊമ്പനാനപ്പുറത്ത്

പേടമാൻ കുഞ്ഞിന്റെ മടിയില് പേടിച്ചിരിപ്പാണോ" എന്റെ മനസ്സിലും ആ പഴയ നാടകത്തിന്റെ പിന്നണിസംഗീതം മുഴങ്ങാൻ തുടങ്ങി. ഞാനാ നാടകം കണ്ടിരുന്നില്ല. പക്ഷേ, ആ പാട്ട് എനിക്കത്രമേൽ പരിചിതമായിരുന്നല്ലോ. അത്ഭുതമെന്ന് പറയട്ടെ. ഇപ്പോൾ എന്റെ മനസ്സിലൂടെ ഒരു കൊച്ചുകിട്ടി ഓടുകയാണ്. അന്ന് ആകാശത്ത് അങ്ങനെയൊരു പേടമാൻ കുഞ്ഞിനെ നോക്കി ഞാനെത്രയോ നാൾ മേലോട്ട് നോക്കി നടന്നിരുന്നു.

പക്ഷേ ഇരുട്ട് എന്നെ തോണ്ടി വിളിക്കുന്നു. സമയം നഷ്ടപ്പെടുത്തുന്നത് മണ്ടത്തരമാണെന്ന് പറയുന്നു. രാത്രിയുടെ ഈ മൂത്ത യാമത്തോളം ഒരു നല്ല സമയമില്ല. അകത്ത് കടക്കണം. ഏത് വിധേനയും മോഷണം നടത്തണം. ഒരു കള്ളന്റെ കൈയിലെ വിലപ്പെട്ട ആയുധം സമയമാണ്. പക്ഷേ ഇതൊന്നും അറിയാതെയല്ല. ഈ പാട്ടിൽ എന്തോ ഒന്ന് എന്നെ ആകർഷിക്കുന്നുണ്ട്.

എനിക്ക് എന്റെ അച്ഛനെയാണ് ഓർമ്മ വരുന്നത്. അച്ഛന് ഈ പാട്ട് വളരെ ഇഷ്ടമായിരുന്നു. ഞാൻ അച്ഛനരികിൽ കിടന്ന് ഇതെത്രയോ തവണ കേട്ടിരിക്കുന്നു. എന്തായാലും ഈ പാട്ട് തീരുന്നതു വരെ എനിക്ക് കാത്തിരുന്നേ മതിയാകൂ. ഒരു പക്ഷേ അവർക്കിനി പാടാനായില്ലെങ്കിലോ.

എന്റെ മനസ്സിൽ വീണ്ടും ആ കുട്ടിയുടെ മുഖം. അമ്പിളിമാമൻ താഴേക്ക് വരുന്നതും നോക്കി ഉറങ്ങാതിരിക്കുകയാണവൻ. അമ്പിളിയമ്മാവൻ തന്നെ കാണുന്നുണ്ട് എന്നവന് ഉറപ്പാണ്. അവനോടുമ്പോൾ അമ്മാവൻ കൂടെയോടുന്നുണ്ട്. അവൻ നിൽക്കുമ്പോൾ അതും നിൽക്കുന്നുണ്ട്.

ഏകാന്തതയിൽ നിന്ന് വീണ്ടുമടുത്ത വരികൾ കേൾക്കുന്നു.

" താമരക്കുമ്പിളുമായ് അമ്മാവൻ താഴോട്ട് പോരാമോ

പാവങ്ങളാണേലും ഞങ്ങള് പായസ്സച്ചോറു തരാം.

പായസച്ചോറ് വേണ്ടേൽ ഞങ്ങള് പാടിയുറക്കുമല്ലോ

പാലമരച്ചുവട്ടിൽ തൂമലർ പായ വിരിക്കുമല്ലോ"

ഓരോ തവണ ഈ പാട്ട് കേൾക്കുമ്പോഴും അമ്മയോട് കൊതിയോടെ പായസം വെച്ച് തരണമെന്ന് ഞാൻ ആവശ്യപ്പെടാറുണ്ടായിരുന്നു. അമ്പിളിയമ്മാവൻ പായസം വേണ്ട എന്ന് പറയുമോ. പായസം വേണ്ട എന്ന് ആർക്കാണ് പറയാൻ കഴിയുക.

ഞാൻ എന്റെ ജോലിയെ മറക്കുന്നതെന്താണ്. എന്തുകൊണ്ടാണ് പച്ചവള്ളിയിൽനിന്ന് വെള്ളിപൂമ്പാറ്റകളെപോലെ പറക്കുന്ന ഓർമ്മകൾ എന്റെ കൊടിയ കൗശലങ്ങളെ മറയ്ക്കുന്നത്.

മാനത്തെ മാളികയിൽ ഇരിക്കണെ നാണംകുണുങ്ങിയില്ലേ

അപ്പെണ്ണിൻ കൈയിൽനിന്നും ഉയതാത്തകുപ്പിവള തരുമോ

വൃദ്ധ എത്ര ഈണത്തോടെയാണ് പാടുന്നത്.

മാനത്തെ മാളികയിലെ ആ നാണം കുണുങ്ങി ആരാണെന്ന് എനിക്ക് ഇന്നും മനസ്സിലായിട്ടില്ല. എന്നതാണ് പാട്ടെഴുത്തുകാരൻ ഉദ്ദേശിച്ചതെന്നും.

ആകാശത്ത് വളപ്പൊട്ടുകൾ പോലെ നക്ഷത്രങ്ങൾ തിളങ്ങുന്നു. അന്ന് വളപ്പൊട്ടുകൾക്ക് പോലും എന്തൊരു ഭംഗിയായിരുന്നു. ഞാനെത്ര നാളായിട്ടുണ്ട് ഒരു പാട്ട് ശ്രദ്ധയോടെ കേട്ടിട്ട്. ദൂരെ നിന്ന് പെയ്തൊഴിഞ്ഞ ഒരു മഴയുടെ കണ്ണീര് കാറ്റായെന്നെ കുളിർപ്പിക്കുന്നു. മുകളിൽ വീണ്ടും ഇതാ അമ്പിളി തെളിഞ്ഞിരിക്കുന്നു. എന്റെ കണ്ണുകൾ നിറയുന്നതെന്തിനാണ്. എല്ലാ എതിർവാദങ്ങളെയും മനസ്സിൽ തോൽപ്പിച്ച് ഞാൻ തെങ്ങിലൂടെ തിരിച്ചിറങ്ങുന്നതെങ്ങോട്ടാണ്. കുന്താലി എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ മതിൽ ചാടി പുറത്ത് കടന്ന് ഓടാൻ തുടങ്ങി.

എന്റെ കാതിൽ മൗനമാണ്. കണ്ണുകളിൽ ഇരുട്ടാണ്. നെഞ്ചിൽ കിതപ്പു മാത്രം. കാൽച്ചുവട്ടിൽ നിന്ന് നിഴലുകൾ ദൂരേക്ക് നീണ്ടു പോകുന്നു. ആകാശത്ത് നിന്ന്ഇറങ്ങി വന്ന അമ്പിളിയമ്മാവൻ ഇപ്പോഴന്റെ കൂടെയോടുന്നു.

*ശിവദാസൻ എ കെ, എലവങ്ങച്ചാലിൽ വീട്,*
*മുട്ടിത്തടി പി ഒ, ഭരത-680317*
*9745464899*